**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 79** **01-02-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാത വികസനം**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |

(എ) ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ നടക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(എ) ജലപാത വികസനത്തിന്റെ ഭാഗമായി ഇൻലാന്റ് നാവിഗേഷൻ വകുപ്പ് എറണാകുളം ജില്ലയിൽ നടപ്പാക്കി വരുന്ന പ്രവൃത്തികൾ താഴെപ്പറയുന്നു.

| നം. | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ | റിമാർക്സ് |
| --- | --- | --- | --- |
| 1 | മുളവുകാട് പഞ്ചായ ത്തിൽ 3-ാം വാർഡിൽ നിലവിലുള്ള തകർന്ന ബോട്ട് ജെട്ടി പൊളിച്ച് പുതിയത് നിർമ്മിക്കുന്ന പ്രവൃത്തി | 28.50 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | വൈപ്പിൻ ബോട്ട് ജെട്ടിയുടെ പുനരുദ്ധാരണവും ബോട്ട് ജെട്ടിക്ക് സമീപം ആഴം കൂട്ടുന്നതു ൾപ്പെടെയുള്ള പ്രവൃത്തി | 35.00 | പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു |

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിനോട് ചേർന്ന് കിടക്കുന്ന ദേശീയ ജലപാത ഗതാഗതയോഗ്യമാക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

(ബി) എറണാകുളം ജില്ലയിലൂടെ കടന്നുപോകുന്ന ദേശീയ ജലപാത-3 (കൊല്ലം-കോഴിക്കോട്) ന്റെ വികസനപ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ നേരിട്ട് നിർവ്വഹിക്കുന്നതിനാൽ അത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

വൈപ്പിൻ നിയോജക മണ്ഡലത്തിനോട് ചേർന്ന് കിടക്കുന്ന ജലപാത ഗതാഗതയോഗ്യമാക്കുന്നതിനായി ഇൻലാന്റ് നാവിഗേഷൻ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തികൾ താഴെപ്പറയുന്നവയാണ്.

| നം. | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തി |
| --- | --- | --- |
| 1 | മുളവുകാട് മുതൽ ചിറ്റൂർ വരെയുള്ള SWTD ബോട്ട് റൂട്ട് ആഴംകൂട്ടുന്ന പ്രവൃത്തി | 381.00 |
| 2 | ഹൈക്കോർട്ട് മുതൽ മുളവുകാട് വരെയുള്ള SWTD ബോട്ട് റൂട്ട് ആഴംകൂട്ടുന്ന പ്രവൃത്തി | 370.00 |
| 3 | പിഴല മുതൽ കടമക്കുടി വരെയുള്ള SWTD ബോട്ട് റൂട്ട് ആഴംകൂട്ടുന്ന പ്രവൃത്തി | 346.20 |
| 4 | മുളവുകാട് പഞ്ചായത്തിലെ സിസിലി ബോട്ടുജെട്ടിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 31.00 |
| 5 | മുളവുകാട് പഞ്ചായത്തിലെ മുളവുകാട് നോർത്ത് ബോട്ടുജെട്ടിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 31.00 |

| | | | | | |
|---|---|---|---|---|---|
| | | | 6 | മുളവുകാട് പഞ്ചായത്തിലെ പൊന്നാരിമംഗലം ബോട്ടുജെട്ടിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 31.00 |
| | | | 7 | മുളവുകാട് പഞ്ചായത്തിലെ ഹോസ്പിറ്റൽ ബോട്ടുജെട്ടിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 31.00 |

സെക്ഷൻ ഓഫീസർ